പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

10.06.2019 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ.*70

## തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.കെ.എസ്. ശബരീനാഥൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തനം നിലച്ച തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;<br><br>ബി) പ്രസ്തുത നടപടികളുടെ ഫലമായി എത്ര തോട്ടങ്ങൾ തുറക്കുവാൻ സാധിച്ചു; ഇതിലൂടെ എത്ര തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുവാൻ സാധിച്ചു; | എ) & ബി) സംസ്ഥാനത്ത് പ്രവർത്തനം നിലച്ച എം.എം.ജെ. പ്ലാന്റേഷൻസ്, മഹാവീർ പ്ലാന്റേഷൻസ്, പീരുമേട് ടീ കമ്പനി എന്നീ തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് 28.11.2018-ന് തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത മാനേജ്മെന്റുകൾ സാമ്പത്തിക പ്രതിസന്ധി കാരണമാണ് തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തതെന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, വിരമിക്കൽ ആനുകൂല്യം എന്നിവയും മറ്റു തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും നൽകിയാൽ മാത്രമേ തോട്ടം തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയൂ എന്ന് അറിയിച്ചു. ഇക്കാര്യത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജ്മെന്റുകളോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എം.ജെ. പ്ലാന്റേഷൻസ്, മഹാവീർ പ്ലാന്റേഷൻസ് എന്നീ മാനേജ്മെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നു. |
| സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അത് തൃപ്തികരമാണോ; | സി) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ആയത് തൃപ്തികരമാണ്. |

| | |
|---|---|
| ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത കമ്മിറ്റികൾ വഴി നൽകുന്നത്; വ്യക്തമാക്കാമോ? | ഡി) അതത് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹ ധനസഹായം (അവിവാഹിതരായ പെൺമക്കൾക്കായി) ചികിത്സാ ധനസഹായം, ആശ്രിതർക്ക് മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം (വിവിധ മേഖലകളിലെ ഉപരിപഠനത്തിനായി) എന്നിവ നൽകി വരുന്നു. കൂടാതെ ലയങ്ങളിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ്, സൗജന്യ ഓണക്കിറ്റ് വിതരണം, ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയ്ക്ക് ആവശ്യമുള്ള തുകയും പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നും ചെലവാക്കി വരുന്നു |

Sreeja

സെക്ഷൻ ഓഫീസർ